## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2540** **12/06/2018-ൽ മറുപടിയ്ക്ക്**

## റിസ്ക് ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന റിസ്ക് ഫണ്ടിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ബാദ്ധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് റിസ്ക് ഫണ്ട് പദ്ധതി.<br><br>സർക്കാർ അംഗീകരിച്ച് റിസ്ക് ഫണ്ട് നിയമാവലി പ്രകാരമാണ് ധനസഹായം നൽകുന്നത്. പരമാവധി ധനസഹായതുക 1,50,000/- രൂപയാണ്. വായ്പക്കാരന് മാരക രോഗം (കാൻസർ, കിഡ്നി സംബന്ധമായ അസുഖം, ഡയലിസിസിന് വിധേയരാകുന്നവർ, ഹൃദയ സംബന്ധമായ അസുഖം, പക്ഷാഘാതം ബാധിച്ച് ശരീരത്തിന്റെ ചലനശേഷി നഷ്ടപ്പെട്ടവർ, എയ്ഡ്സ്, ടി.ബി., ലിവർ സിറോസിസ്) പിടിപെടുന്നവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 75,000/- രൂപ വരെ അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത ആൾ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് മരണപ്പെടുകയോ മാരക രോഗ ബാധിതനാകുകയോ ചെയ്യുന്ന സാഹചര്യത്തിൽ എന്തൊക്ക ആശ്വാസ നടപടികളാണ് സ്വീകരിക്കുന്നത് ; | (ബി) | വായ്പക്കാരൻ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പയിൽ 1,50,000/- രൂപ വരെ മുതലിലും അതിന്റെ പലിശയും നൽകി വരുന്നു. മാരക രോഗം ബാധിച്ച വായ്പക്കാരന് പരമാവധി 75,000/- രൂപ വരെ അനുവദിക്കാറുണ്ട്. |
| (സി) | ഈ സർക്കാർ നിലവിൽ വന്നശേഷം ഈ പദ്ധതിയിലൂടെ എത്ര പേർക്ക് ആശ്വാസം നൽകുവാൻ കഴിഞ്ഞുവെന്നും എത്ര തുകയാണ് വിതരണം ചെയ്തതെന്നും വ്യക്തമാക്കുമോ ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 14,258 വായ്പക്കാർക്കായി 1,10,44,47,678/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. |
| (ഡി) | സഹകരണ ജീവനക്കാർക്ക് ക്ഷേമ ബോർഡ് നൽകുന്ന ആനുകൂല്യം എന്തൊക്കെയാണ്; കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഏതെങ്കിലും ഇനത്തിൽ നൽകുന്ന ധന സഹായത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | സഹകരണ സംഘം ജീവനക്കാർക്ക് മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, മക്കൾക്ക് വിദ്യാഭ്യാസ, കലാ-കായിക മികവിനുള്ള ക്യാഷ് അവാർഡ്, വിരമിക്കുന്ന ജീവനക്കാർക്ക് അടച്ച തുകയുടെ ഇൻസന്റീവ് എന്നീ ആനുകൂല്യങ്ങളാണ് നൽകി വരുന്നത്.<br><br>04.08.2017 ലെ ജി.ഒ.(എം.എസ്) നം. 28/2017/സഹ നമ്പർ ഉത്തരവ് പ്രകാരം ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വർദ്ധിപ്പിച്ച ആനുകൂല്യം താഴെ വിവരിക്കുന്നു.<br>1) മരണാനന്തര ധനസഹായം<br>1,50,000 രൂപയിൽ നിന്ന് 2,50,000 രൂപയായി വർദ്ധിപ്പിച്ചു.<br>2) വൈദ്യ ചികിത്സാ ധനസഹായം<br>എ) 75,000/- രൂപ ചികിത്സാ ധനസഹായമായി നൽകി വരുന്ന അസുഖങ്ങളുടെ ധനസഹായം 1,25,000/- രൂപയായി വർദ്ധിപ്പിച്ചു.<br>ബി) 50,000/- രൂപ ചികിത്സാ ധനസഹായമായി നൽകി വരുന്ന അസുഖങ്ങളുടെ ധനസഹായം 75000/- രൂപയായി വർദ്ധിപ്പിക്കുകയും ജോയിന്റ് റീപ്ലേയ്സ്മെന്റ് ശസ്ത്രക്രിയ കൂടി പുതിയതായി ഉൾപ്പെടുത്തുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | സി) ജീവനക്കാരുടെ ആശ്രിതർക്ക് നൽകി വരുന്ന ചികിത്സാ ധനസഹായം 25,000/- രൂപയിൽ നിന്നും 40,000/- രൂപയായി വർദ്ധിപ്പിച്ചു.<br>ഡി) ജീവനക്കാർക്ക് മാത്രമായി 15,000/- രൂപ ചികിത്സാ ധനസഹായം അനുവദിക്കുന്ന രോഗങ്ങളുടെ ധനസഹായം 25,000/- രൂപയായി വർദ്ധിപ്പിക്കുകയും 10,000/- രൂപ നൽകി വരുന്ന രോഗങ്ങളുടെ ധനസഹായം 15,000/- രൂപയായി വർദ്ധിപ്പിക്കുകയും ഇതിൽ എച്ച് എൻ1, ഡങ്കിപ്പനി, എലിപ്പനി, വെരിക്കോസ് വെയിൻ ഓപ്പറേഷൻ എന്നിവ കൂടി ഉൾപ്പെടുത്തുകയും ചെയ്തു.<br>ഇ) സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് ടിയാളുകൾ അടച്ച നിക്ഷേപ വിഹിത തുക തിരികെ നൽകുന്നതോടൊപ്പം അനുവദിക്കുന്ന ഇൻസെന്റീവ് തുകയുടെ നിരക്ക് 5 ശതമാനത്തിൽ നിന്നും 10 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്.<br>എഫ്) സഹകരണ സംഘം ജീവനക്കാരുടെ മക്കൾക്ക് വിദ്യാഭ്യാസ-കലാ മികവിന് നൽകി വരുന്ന ക്യാഷ് അവാർഡുകൾക്കൊപ്പം കായിക രംഗത്ത് (സ്പോർട്സ് & ഗെയിംസ്) മികവ് പുലർത്തുന്നവർക്ക് 5,000/- രൂപ നിരക്കിൽ ക്യാഷ് അവാർഡ് പുതുതായി ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ